തിക്ഷോഭങ്ങളും തടയാമെന്നുവരെ അവർ പരസ്യപ്പെടുത്തി. ഏഴായിരം മഹർഷിശിഷ്യർ ദിവസേന ഒരിടത്തു കൂടിയിരുന്നു മന്ത്രം ചൊല്ലിയാൽ ലോകത്തിൽ കുഴപ്പങ്ങളും വിപ്ലവങ്ങളും ഇല്ലാതാവുമത്രേ!

'ധ്യാനയോഗക്കാർ വന്നതിനുശേഷം മനിലയിൽ അക്രമപരങ്ങളായ പ്രതിഷേധങ്ങൾ ഇരമ്പുകയാണ്'. ഫിലിപ്പൈൻസിന്റെ നടുവിലുള്ള മായോൻ അഗ്നിപർവതം അപ്രതീക്ഷിതമായി പൊട്ടിയൊലിച്ചിരിക്കുന്നു; ശക്തിയേറിയ രണ്ട് ഭൂകമ്പങ്ങൾ രാജ്യത്തെ വിറകൊള്ളിച്ചിരിക്കുന്നു; ഹോട്ടൽത്തീപിടിത്തങ്ങളുടെ ഒരു പരമ്പരയിൽ പലരും മരിച്ചിരിക്കുന്നു; പരുക്കപറ്റിയവരിൽ മഹർഷിയുടെ ചില ശിഷ്യരുമുണ്ട്. ദശാബ്ദങ്ങൾക്കിടയിൽ ഉണ്ടായവയിൽ ഏറ്റവും വമ്പിച്ച ചുഴലിക്കൊടുങ്കാറ്റുകൾ അടിച്ച് രണ്ടായിരത്തോളം ഫിലിപ്പൈൻകാർക്ക് ജീവാപായം നേരിട്ടു. അഞ്ചുലക്ഷത്തോളം ആളുകൾക്ക് വീടുകളില്ലാതായി.'

മഹർഷിയുടെ പരസ്യങ്ങൾ കണ്ടിരുന്നെങ്കിൽ, യോഗദർശനത്തിന്റെ ഉപജ്ഞാതാവായ പതഞ്ജലിമുനി എന്തു പറയുമായിരുന്നു?

23 നവംബർ, 1984

# 29. ഇന്ത്യയിൽ സയൻസ്

ലോകപ്രസിദ്ധി നേടിയിട്ടുള്ള ഒരു സയൻസ് ആനുകാലികം ആണ് 'നേച്ചർ'. ഈ ബ്രിട്ടീഷ് പ്രസിദ്ധീകരണത്തിന്റെ 1984 ഏപ്രിൽ 12–ലെ ലക്കം, ഇന്ത്യയിൽ സയൻസിന്റെ ഇന്നത്തെ നിലയെപ്പറ്റി പഠിച്ചു വിലയിരുത്തുന്നതിനായി ഇരുപതു പേജുകൾ നീക്കിവെച്ചിരിക്കുന്നു.

സയൻസിലും വിദ്യാഭ്യാസത്തിലും പുരോഗതിയിലും താല്പര്യമുള്ള എല്ലാ ഭാരതീയരുടെയും ഗാഢമായ പഠനം അർഹിക്കുന്നുണ്ട് ഈ വിലയിരുത്തൽ. അന്യർ നമ്മെ എങ്ങനെ കാണുന്നു എന്നു മനസ്സിലാക്കുന്നതു്, കോട്ടങ്ങൾ കണ്ടറിഞ്ഞു തിരുത്താനും നേട്ടങ്ങളെ ശക്തിപ്പെടുത്താനും നമ്മെ സഹായിക്കുമല്ലോ.

ദരിദ്രരാജ്യങ്ങൾക്കിടയിൽ സയൻസ് വളരാനും വിജയിക്കാനും ഏററവുമധികം സാധ്യതയുള്ള രാജ്യം ഇന്ത്യയാണെന്ന് 'നേച്ചർ' ആമുഖമായി പ്രസ്താവിക്കുന്നു. ഗണ്യമായ പ്രകൃതിവിഭവങ്ങൾ ഇന്ത്യയിലുണ്ട്. പക്ഷേ, പ്രകൃതിവിഭവങ്ങളേക്കാൾ പ്രധാനമാണ് ഇന്ത്യയിലെ മനുഷ്യവിഭവം.

എഴുപത്തഞ്ചു കോടിയോളം ജനങ്ങൾ ഇപ്പോൾ ഇന്ത്യയിലുണ്ട്. ആണ്ടിൽ രണ്ടരശതമാനം (അതായതു് ഒരു കോടി എൺപത്തേഴരലക്ഷം) എന്ന തോതിൽ ഇവിടെ ജനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളിൽ മൂന്നിലൊരു ഭാഗം നിരക്ഷരരാണെന്നാണ് ഔദ്യോഗികകണക്ക്. യഥാർത്ഥത്തിൽ മൂന്നിൽ രണ്ടുഭാഗവും നിരക്ഷരരാണ്. ഏഴുലക്ഷം ഗ്രാമങ്ങളിൽ പാർക്കുന്ന ഭൂരിപക്ഷം ജനങ്ങൾക്കും കാശിന് യാതൊരു മാർഗവുമില്ല. എന്തെങ്കിലും ഒരു സാധനം വാങ്ങണമെന്നു വിചാരിച്ചാൽ അതിനു കഴിവില്ലാത്തവരാണ് അധികംപേരും.

സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ വൈവിധ്യം ഇന്ത്യയുടെ ഒരു പ്രത്യേകതയാണ്. പ്രധാന പ്രാദേശികഭാഷകൾ ഒരു ഡസനിലധികമുണ്ട്. ഹിന്ദിയെ പൊതുഭാഷയാക്കാനുള്ള ശ്രമം പതുക്കെയേ മുന്നേറുന്നുള്ളൂ.

പ്രാദേശിക–രാഷ്ട്രീയതാൽപര്യങ്ങൾമൂലം സംസ്ഥാനങ്ങൾ കേന്ദ്രവുമായി ഉരസലിലാണു്. പഞ്ചാബിലെ സിക്കുകാരുടെ കലാപം ഒരു വലിയ തലവേദനതന്നെയായിത്തീർന്നിട്ടുണ്ടു്.

ഈ പരിതഃസ്ഥിതിയിൽ, ഇന്ത്യ ഇത്രയെങ്കിലും പുരോഗതി നേടി എന്നതു് എടുത്തുപറയേണ്ട ഒരു കാര്യമത്രേ. ഇന്ത്യയിലെ 'ഹരിതവിപ്ലവം' ഒരു യാഥാർത്ഥ്യമാണു്. ഇതിൻഫലമായി കുറെയൊക്കെ ഭക്ഷ്യധാന്യങ്ങൾ കയററിയയ്ക്കാനുള്ള കഴിവു് ഇപ്പോൾ ഇന്ത്യയ്ക്കു കൈവന്നിട്ടുണ്ടു്. സമൃദ്ധി സൂചിപ്പിക്കുന്ന കെട്ടിടനിർമാണപരിപാടികൾ നഗരങ്ങളിൽ എവിടെയും കാണാം.

ഇന്ത്യ നേടുന്ന പുരോഗതിയുടെ അടിസ്ഥാനം രണ്ടു സിദ്ധാന്തങ്ങളാണു്. എന്തെല്ലാം പ്രയാസമുണ്ടായാലും ജനാധിപത്യരീതി കൈവിട്ടുകൂടാ എന്നതാണു് ഇവയിൽ ഒന്നു്. മറേറതു്, പുരോഗതിക്കു് സയൻസും സാങ്കേതികവിദ്യയും അനുപേക്ഷണീയമാണെന്നതും. ഈ സിദ്ധാന്തങ്ങൾ ഇപ്പോഴും ഇന്ത്യയിൽ ആദരിക്കപ്പെടുന്നുള്ളതുതന്നെ ആഹ്ലാദകരവും അത്ഭുതകരവുമാണെന്നു് 'നേച്ചർ' ആമുഖമായി പ്രസ്താവിക്കുന്നു.

സയൻസിലും ടെക്‌നോളജിയിലും അമേരിക്കയ്ക്കും സോവിയററു് യൂണിയനും തൊട്ടുതാഴെ ഒരു സ്ഥാനം ഇന്ത്യ അവകാശപ്പെടുന്നുണ്ടു്. ഈ അവകാശവാദത്തിന്റെ അടിസ്ഥാനം ഇന്ത്യയിലെ സയൻസ്–സാങ്കേതിക–ബിരുദധാരികളുടെ എണ്ണമാണു്. സാങ്കേതികവികസനം സംബന്ധിച്ച വാർത്തകൾ ഇന്ത്യൻപത്രങ്ങളിൽ ധാരാളം ചേർത്തുവരുന്നുണ്ടു്. സാങ്കേതികജോലികൾക്കു് അപേക്ഷകൾ ക്ഷണിക്കുന്ന പരസ്യങ്ങൾ എന്നും പത്രങ്ങളിൽ കാണാം. പ്രധാന നഗരങ്ങളിലെല്ലാം ഗവേഷണശാലകൾ ഉണ്ടു്. ദക്ഷിണധ്രുവപഠനം, അന്തരീക്ഷയാത്ര മുതലായ ശാസ്ത്രീയപരിശ്രമങ്ങളെപ്പററി ജനങ്ങൾ ബോധവാന്മാരാണു്. സയൻസിനും ടെക്‌നോളജിക്കും ഇത്രയൊക്കെ പ്രാധാന്യം നൽകിയിട്ടും 'നാം എന്തുകൊണ്ടു കൂടുതൽ മുന്നേറുന്നില്ല?' എന്ന ചോദ്യം ജനങ്ങളുടെ ചുണ്ടിൽ ഉണ്ടു്.

സയൻസിന്റെയും സാങ്കേതികവിദ്യയുടെയും രംഗത്തിൽ ഇന്ത്യയുടെ നേട്ടങ്ങൾ പലപ്പോഴും വേണ്ടത്ര ശ്രദ്ധിക്കപ്പെടാറില്ല. ഹരിതവിപ്‌ളവത്തെപ്പററി മുമ്പു പറഞ്ഞുവല്ലോ. അനേകം ശാസ്ത്രജ്ഞരുടെ ദീർഘകാലപരിശ്രമത്തിന്റെ ഫലമാണു് ഈ 'വിപ്‌ളവം'. എന്നാൽ, മററു മണ്ഡലങ്ങളിൽ പ്രതീക്ഷകൾ പൂർണമായും നിറവേറിയിട്ടില്ല. ഖനനം, വ്യവസായം എന്നിവ ലാഭകരമാക്കുന്നതിനുവേണ്ടിയാണു് സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ, ഇന്ത്യയിൽ സി. എസ്. ഐ. ആർ. (ശാസ്ത്രീയ വ്യാവസായിക–ഗവേഷണ കൗൺസിൽ) സ്ഥാപിക്കപ്പെട്ടതു്. പക്ഷേ, ഇന്ത്യൻ ഫാക്ടറികളിൽ നിർമിതവസ്തുക്കളുടെ കയററുമതി ചുരുങ്ങിവരുകയാണു്. മററു രാജ്യങ്ങളിൽ വേരററുപോയ രോഗങ്ങൾ ഇന്ത്യയിൽ ഇനിയും കൊടികുത്തിവാഴുന്നുവെങ്കിൽ, ഐ. സി. എം. ആർ. (വൈദ്യഗവേഷണത്തിനുള്ള ഇന്ത്യൻ കൗൺസിൽ)കൊണ്ടു് എന്തു പ്രയോജനം? ഇന്ത്യയിൽ ആവശ്യമുള്ള വൈദ്യുതിയിൽ പത്തു ശതമാനം യുറേനിയത്തിൽനിന്നു് ഉല്പാദിപ്പിക്കുകയെന്ന ലക്ഷ്യം അകന്നകന്നുപൊയ്ക്കൊണ്ടിരിക്കുകയാണെങ്കിൽ അണുശക്തിക്കമ്മിഷൻ നിലനിർത്തിയിട്ടെന്തു കാര്യം? ടെലിഫോണിലൂടെ അടുത്ത പട്ടണത്തിലേക്കു സംസാരിക്കാൻ വയ്യെങ്കിൽ, കേന്ദ്രത്തിൽ ഒരു ഇലക്‌ട്രോണിക്‌സ് ഡിപ്പാർട്ടുമെന്റ് എന്തിനാണു്?

ഇത്തരം സംശയങ്ങൾ ജനങ്ങൾക്കുണ്ടെങ്കിലും, സംഗതികൾ മെച്ചപ്പെട്ടുകൊണ്ടിരിക്കുകയാണെന്നത്രേ ഇന്ത്യയിലെ സാങ്കേതികശാസ്ത്രജ്ഞന്മാരുടെ ധാരണ. ദക്ഷിണധ്രുവത്തിൽ ഇന്ത്യ ഒരു ഗവേഷണത്താവ

ളം സ്ഥാപിച്ചതു് ഇതിന്റെ ഒരുദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഉപഗ്രഹവാർത്താവിനിമയത്തിലും ഇന്ത്യ ഗണ്യമായി പുരോഗമിച്ചിട്ടുണ്ടു്. ശാസ്ത്രീയസാങ്കേതിക ഗവേഷണങ്ങൾക്ക പണം ചെലവാക്കാൻ ഇന്ത്യാഗവണ്മെൻറിനു് മടിയില്ല. കേന്ദ്രഗവണ്മെൻറിന്റെയും സ്റ്റേററ്ഗവണ്മെൻറുകളുടെയും കീഴിൽ നൂറുകണക്കിനു ഗവേഷണശാലകൾ പ്രവർത്തിച്ചുവരുന്നുമുണ്ടു്. എന്നാലും, നിലവാരം പുലർത്തുന്ന സ്ഥാപനങ്ങൾ താരതമ്യേന കുറവാണു്. ഒരു ലേഖനമെഴുതി ഒരു മാസികയ്ക്കയയ്ക്കാനുള്ള വൈദഗ്ധ്യമേ പല ഇന്ത്യൻ 'ശാസ്ത്രജ്ഞർ'ക്കമുള്ളു. സയൻസിന്റെ ഉള്ളടക്കം അവർക്ക പിടികിട്ടിയിട്ടില്ല.

പിടിപ്പുകേടു് പല ഇന്ത്യൻ ഗവേഷണസ്ഥാപനങ്ങളുടെയും സവിശേഷതയാണു്. ചെറുപ്പക്കാർക്കു്, അവർ നടപ്പിൽ വരുത്തേണ്ട ഗവേഷണ പദ്ധതികളുടെ രൂപം നിർണ്ണയിക്കുന്നതിൽ പങ്കു് പലപ്പോഴും നല്കപ്പെടുന്നില്ല. ഉദ്യോഗസ്ഥമേധാവിത്വം ഗവേഷണത്തെ വലിയ തോതിൽ തടസ്സപ്പെടുത്തുന്നു. സർവ്വകലാശാല ധനസഹായക്കമ്മിഷൻ നൽകിയ ഗ്രാൻറ് ഉപയോഗിച്ചു്, താരതമ്യേന വിലകുറഞ്ഞ ഒരു ഉപകരണമോ ഏതാനും രാസവസ്തുക്കളോ, വാങ്ങാൻ പ്രൊഫസർമാർ പലപ്പോഴും സർവകലാശാലയിലെ ഏതെങ്കിലും ക്ലാർക്കിന്റെ മുന്നിൽ പല ദിവസങ്ങളോളം കാത്തിരിപ്പുസത്യാഗ്രഹമിരിക്കണം. ആവശ്യമില്ലാത്ത വിവരങ്ങൾ തെററിയച്ചടിച്ച ഇത്രയേറെ ഫോറങ്ങൾ മറെറാരു രാജ്യത്തും പൂരിപ്പിക്കേണ്ടതില്ല. ഇന്ത്യൻ ഗവേഷണസ്ഥാപനങ്ങളുടെ ഈ വൈകല്യങ്ങൾക്കു് മൂന്നു കാരണങ്ങളുണ്ടു്. അധികാരസ്ഥാനത്തിരിക്കുന്നവർക്കേ ഉത്തരവാദിത്വമുള്ളു എന്ന ധാരണയാണു് ഒരു കാരണം. രണ്ടാമതു്, തങ്ങളുടെ കഴിവുകേടു് മൂടിവെയ്ക്കാനുള്ള മറയാണു് പലർക്കും അധികാരം. മൂന്നാമതു്, പലപ്പോഴും യുവപ്രവൃത്തികർക്കു് സ്വതന്ത്രമായി പ്രവർത്തിക്കവാനുള്ള കഴിവുണ്ടെന്നു് ഉറപ്പിച്ചുകൂടാ. ഈ മൂന്നാമതു പറഞ്ഞ കാരണത്തിൽ പ്രകടമാകുന്നതു് ഇന്ത്യയിലെ ഉയർന്ന വിദ്യാഭ്യാസത്തിന്റെ ബലഹീനതയത്രെ.

ഇന്ത്യയിൽ ഉദ്യോഗനിയമം, പ്രൊമോഷൻ എന്നിവയ്ക്കു് ആധാരം കടലാസ്സിലെ യോഗ്യതയാണു്. യഥാർത്ഥ നേട്ടത്തിനു് ഇവിടെ പ്രതിഫലം കിട്ടുന്നില്ല. സ്വജനപക്ഷപാതത്തിനു് ഇന്നത്തെ വ്യവസ്ഥിതിയിൽ ധാരാളം സാദ്ധ്യതയുണ്ടു്. തന്റെ അയോഗ്യനായ ഒരു 'സിൽബന്തി'യെ ഉന്തിത്തള്ളി മുകളിൽക്കയററാൻ ഒരു പ്രൊഫസർക്കോ ഗവേഷണശാലയിലെ ഒരു ഡയറക്ടർക്കോ യാതൊരു പ്രയാസവുമില്ല. കപട പണ്ഡിതന്മാരാണു് മറെറാരാപത്തു്. ഇവരിൽ പലരും പഴയ അറിവു് പുതിയ രൂപത്തിൽ വിളമ്പി പേരെടുക്കുന്നവരാണു്.

യുവശാസ്ത്രജ്ഞരെഴുതിയ പ്രബന്ധങ്ങളിൽ പ്രൊഫസർമാർകൂടി ചുമ്മാ പേരുവെയ്ക്കുന്നതു് സാധാരണമത്രെ. മുതിർന്ന പ്രൊഫസർമാരുടെ തെററായ അഭിപ്രായങ്ങൾപോലും ഖണ്ഡിക്കാൻ യുവശാസ്ത്രജ്ഞർക്ക ഭയമാണു്. പ്രതികാരഭയം!

ഇന്ത്യയിലെ കേന്ദ്രഗവണ്മെൻറ് സയൻസിലും സാങ്കേതികവിദ്യയിലും നേരിട്ട ശ്രദ്ധചെലുത്തുന്നുണ്ടു്. എല്ലാ മന്ത്രാലയങ്ങൾക്കമുണ്ടു് അവയുടേതായ സാങ്കേതികഗവേഷണപ്രവർത്തനങ്ങൾ. രാജ്യരക്ഷാവകുപ്പിനു് സ്വന്തമായ ഗവേഷണസ്ഥാപനങ്ങളുണ്ടു്. ഇവയുടെ പുറമെ, നേരിട്ട പ്രധാനമന്ത്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന ആറു കേന്ദ്രവിഭാഗങ്ങളുണ്ടു്. ആററമിക് എനർജി കമ്മീഷൻ, സ്പേസ് റിസർച്ച് ഓർഗനൈസേഷൻ, ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെൻറ്, സയൻസ് ആൻഡ് ടെക്നോളജി ഡിപ്പാർട്ട്മെൻറ്, സമുദ്രവികസന ഡിപ്പാർട്ട്മെൻറ്, പരിസ്ഥിതി ഡിപ്പാർട്ട്മെൻറ് എന്നിവ. ഇന്ത്യൻ മെഡിക്കൽ റിസർച്ച് കൗൺ

സിൽ, ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച്, കൗൺസിൽ ഓഫ് സയൻറിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച്, (സി.എസ്. ഐ.ആർ.) ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ച് എന്നിവയാണ് സയൻസുമായി നേരിട്ട ബന്ധമുള്ള മററു ചില കേന്ദ്രസ്ഥാപനങ്ങൾ. 'ഇന്ത്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് ടെക്നോളജി' എന്ന പേരിലറിയപ്പെടുന്ന സാങ്കേതികവിദ്യാലയങ്ങളും നേരിട്ട കേന്ദ്രഗവണ്മെൻറിൻെറ കീഴിലാണ്. സർവകലാശാലകളിലൂടെയുള്ള ഗവേഷണത്തെ, സാമ്പത്തികസഹായം നല്കുന്നതുവഴി, യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മിഷൻ നിയന്ത്രിക്കുന്നു.

ലോകത്തിൽ ഏററവും വിപുലമായ ഉന്നതവിദ്യാഭ്യാസസംരചനയാണ് ഇന്ത്യയിലേത്; അതേസമയം ഏററവുമധികം കത്തഴിഞ്ഞ വിദ്യാഭ്യാസസമ്പ്രദായവും അതുതന്നെ. നൂററിരുപതോളം ഇന്ത്യൻ സർവകലാശാലകളിലും നാലായിരത്തഞ്ഞൂറോളം കോളേജുകളിലുമായി മുപ്പതു ലക്ഷത്തോളം യുവാക്കൾ ഉന്നതവിദ്യാഭ്യാസം നേടുന്നു. ഇന്ത്യയിലെ സാധാരണ ഒരു യൂണിവേഴ്സിററിയിൽനിന്ന് ബിരുദം നേടുന്ന ഒരു യുവാവിനു്, ബ്രിട്ടനിലെ ഹൈസ്കൂളിൽനിന്നു പുറത്തുവരുന്ന ഒരു പതിനെട്ടുകാരൻെറ നിലവാരമേയുള്ളു. കേന്ദ്രസർവകലാശാലകളിൽ പലതും അക്രമക്കൃഷിയിടങ്ങളാണ്. ഇന്ത്യൻ സർവകലാശാലാവിദ്യാഭ്യാസത്തിൻെറ കോട്ടങ്ങൾ 'നേച്ചർ' വിസ്തരിച്ചു ചർച്ചചെയ്യുന്നുണ്ട്. അതേസമയം ഐ. ഐ. ടി.കൾപോലെയുള്ള 'ചെറിയ' സ്ഥാപനങ്ങളുടെ മേന്മയെ നിർലോഭം പ്രശംസിക്കാനും 'നേച്ചർ' മടിക്കുന്നില്ല.

ദക്ഷിണധ്രുവപഠനം, സമുദ്രപഠനം, സി. എസ്. ഐ. ആറിൻെറ കീഴിൽ നടക്കുന്ന പല വ്യവസായഗവേഷണപദ്ധതികൾ, ഹൈദരാബാദിലെ ദേശീയ ഭൂ—ഭൗതികഗവേഷണസ്ഥാപനത്തിൻെറ പ്രവർത്തനങ്ങൾ, രാജ്യരക്ഷാവകുപ്പിൻെറ ഗവേഷണപഠനങ്ങൾ,കേന്ദ്രപരിസ്ഥിതിവിഭാഗത്തിൻെറ പ്രവർത്തനങ്ങൾ, മൈസൂറിലെ കേന്ദ്രഭക്ഷ്യസാങ്കേതികഗവേഷണസ്ഥാപനത്തിൻെറ പഠനങ്ങൾ, സ്പേസ്പഠനങ്ങൾ തുടങ്ങി പല മേഖലകളിലുമായി ഇന്ത്യയിൽ നടക്കുന്ന ശാസ്ത്രീയ—ഗവേഷണപ്രവർത്തനങ്ങൾ 'നേച്ചർ' ലേഖനത്തിൽ സ്പർശിക്കപ്പെട്ടിട്ടുണ്ട്.

ജോൺ മഡോക്സ്, വേരറിച്ച് എന്നിവർ ചേർന്നു തയ്യാറാക്കിയ ഈ ലേഖനം, തുടക്കത്തിൽ പ്രസ്താവിച്ചതുപോലെ, വിദ്യാഭ്യാസത്തിലും സയൻസിലും സാങ്കേതികവിദ്യയിലും താൽപര്യമുള്ള എല്ലാ ഇന്ത്യാക്കാരുടെയും സഗൗരവപഠനത്തിനു വിഷയമാകേണ്ടതാണ്. ഈ ലേഖനം പൂർണരൂപത്തിൽ പുനഃപ്രസിദ്ധീകരിക്കുവാനും അതിനെപ്പററി വിശദമായ ചർച്ചകൾ സംഘടിപ്പിക്കുവാനും നമ്മുടെ സർവകലാശാലകൾ മുൻകൈയെടുക്കുന്നതു നന്നായിരിക്കും. തങ്ങൾക്ക് ഇക്കാര്യത്തിൽ എന്തു ചെയ്യാൻ കഴിയുമെന്ന് കേരള ശാസ്ത്രസാഹിത്യപരിഷത്തിനും ആലോചിക്കാവുന്നതാണ്.

# 30. ഹിംസ ഭാരതീയസമൂഹത്തിൽ

ഇരുണ്ട കാലവർഷക്കാറുകൾ ആകാശത്തിലെന്നപോലെ, കരാളമായ ഹിംസാവാസന മനുഷ്യമനസ്സുകളിൽ നിറഞ്ഞുനിൽക്കുന്ന ഒരു കാലഘട്ടമാണിതു്. മനുഷ്യരെ ഒററയ്ക്കും കൂട്ടമായും കൊന്നൊടുക്കുന്നതിനു് മനുഷ്യക്ക് ഇന്നു് മടിയില്ല. മനുഷ്യവർഗത്തെ മാത്രമല്ല, ഭൂമിയിലെ ജന്തു—സസ്യ